ഉത്തരം

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നുണ്ട്. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അത്യാവശ്യ ഘട്ടത്തിൽ നിയമനം നടത്താറുണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ തസ്തികകൾ അനുവദിക്കണമെന്ന് ആശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ പെൻഷൻ പ്രായം

108 [2077] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തണമെന്നും പെൻഷൻ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ സാമ്പത്തിക സ്ഥിതി ഇപ്പോൾ മോശമായതിനാലും കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല എന്ന് സർക്കാർ കോർപ്പറേഷൻ മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

കെ. എൽ. ഡി. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

109 [2078] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഷ്ക്കരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനു നടപടി കൈക്കൊള്ളുമോ;

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയൻ ബഹുമാനപ്പെട്ട കൃഷിമന്ത്രിക്ക് 9-3-2004-ൽ നൽകിയ നിവേദനം എം. ഡി.-യുടെ റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും റിപ്പോർട്ട് എം. ഡി. സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ. എൽ. ഡി. സി. എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനത്തിലെ വിവിധ ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

മിൽമ-മദർ ഡയറി സംയുക്ത സംരംഭത്തിന് അനുമതി

110 [2079] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ക്ഷീരവികസന ബോർഡിന്റെ സബ്സിഡിയറിയായ മദർ ഡയറിയുമായി സംയുക്ത സംരംഭത്തിന്റെ രൂപീകരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള കരാറിൽ ഒപ്പിടുന്നതിന് മുൻപ് മിൽമ കേരള സർക്കാരിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയത്; കമ്പനി രൂപീകരിച്ചതിന് ശേഷമാണോ സർക്കാർ അനുമതി നൽകിയിട്ടുള്ളത്;

(ബി) സംയുക്ത സംരംഭം രൂപീകരണംമൂലം ഉണ്ടായിട്ടുള്ള നഷ്ടവും മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സംരംഭം നിലവിൽ വന്നതിന് ശേഷം ദേശീയ ക്ഷീര വികസന ബോർഡ് കേരളത്തിൽ പുതുതായി എന്തെങ്കിലും നിക്ഷേപം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ക്ഷീരകർഷകരെ ദോഷകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് മറ്റു സംസ്ഥാനങ്ങൾ സംയുക്ത സംരംഭത്തിൽനിന്നും പിന്മാറിയിട്ടും കേരളത്തിൽ സംയുക്ത സംരംഭം രൂപീകരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഇ) മിൽമ ഫുഡ്സ് കമ്പനിയിൽനിന്ന് പിന്മാറുവാനും ക്ഷീരവിപണനം പഴയതുപോലെ ഫെഡറേഷനും മേഖലാ യൂണിയനുകളും നേരിട്ട് നടത്തുന്നതിനും മിൽമ ഭരണസമിതിയോ ജനറൽ ബോഡിയോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) മിൽമാ ഫുഡ്സ് എന്ന സ്ഥാപനം നിലവിൽവന്നുകഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്; ഈ നിയമനങ്ങൾ പത്രമാധ്യമങ്ങളിൽ പരസ്യം നൽകാതെയാണ് നടത്തിയതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly